**റൂളിംഗ്**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

മി. സ്പീക്കർ: ഇന്ന് സഭ പരിഗണിക്കുന്ന 2021- ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിൽ ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചത്. ഈ ബില്ലിൽ ഇപ്രകാരമൊരു ധനകാര്യ മെമ്മോറാണ്ടം ഉൾപ്പെടുത്താനുണ്ടായ സാഹചര്യവും സഭയിലെ മുൻ അനുഭവങ്ങളും ബില്ലിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ഈ നിയമം നിലവിൽ വരുന്നതോടുകൂടി അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി കള്ള് വ്യവസായ വികസന ബോർഡിലേക്ക് ധനസഹായങ്ങളും ഗ്രാന്റുകളും നൽകേണ്ടി വരുന്നതാണ്. എന്നാൽ അപ്രകാരം നൽകേണ്ടി വരുന്ന തുക എത്രയാണെന്നതു സംബന്ധിച്ച് സർക്കാർ തീരുമാനിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ്

ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തകവും അനാവർത്തകവുമായി വരാവുന്ന ചെലവ് സംബന്ധിച്ച തുക കണക്കാക്കാൻ സാധിക്കുന്നില്ല എന്ന് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പരാമർശിക്കപ്പെട്ടതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്.

നമ്മുടെ സഭയിലെ കീഴ്വഴക്കം പരിശോധിച്ചതിൽ ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ ധനകാര്യ മെമ്മോറാണ്ടം ഇതേ രൂപത്തിൽ തന്നെയാണ് മുൻകാലങ്ങളിൽ ചേർത്തു വന്നിരുന്നത്. അക്കാരണത്താൽതന്നെ അതൊരു അപാകമാണെന്ന് കാണാനാകില്ല.

എന്നിരുന്നാലും മാറിയ സാമൂഹിക സാമ്പത്തിക സാഹചര്യത്തിൽ ഇത്തരത്തിലുള്ള പുതിയ നിയമ നിർമ്മാണത്തിന് ഭാവിയിൽ തയ്യാറെടുക്കുന്ന വേളയിൽ, അതുമൂലം ഖജനാവിന് ഉണ്ടാകാവുന്ന അധിക ബാധ്യത സംബന്ധിച്ച ഒരു മതിപ്പ് ചെലവ് കൂടി കണ്ടെത്തി അത് ധനകാര്യ മെമ്മോറാണ്ടത്തിന്റെ ഭാഗമാക്കുന്നതായിരിക്കും ഉചിതമെന്നാണ് കാണുന്നത്. അപ്രകാരമൊരു നിരീക്ഷണത്തോടെ ശ്രീ. രമേശ് ചെന്നിത്തലയുടെ ക്രമപ്രശ്നം തീർപ്പാക്കിയിരിക്കുന്നു.